**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6359** **10-11-2021 - ൽ മറുപടിയ്ക്ക്**

**ലോവർ പ്രൈമറി സ്കൂളിന് അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യത്തൊഴിലാളി മേഖലയിൽ കർഷകരുടെയും മറ്റ് പിന്നാക്ക ജനവിഭാഗങ്ങളുടെയും മക്കൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിക്കുന്നതിന് ആലപ്പുഴ ജില്ലയിലെ മാവേലിക്കര വിദ്യാഭ്യാസ ജില്ലയിൽ നൂറനാട് ഗ്രാമപഞ്ചായത്തിൽ പടനിലം എലയാസ് നഗർ കേന്ദ്രമാക്കി പുനലൂർ ലത്തീൻ കത്തോലിക്ക രൂപത ഏകദേശം പതിനേഴ് വർഷം മുൻപ് ആരംഭിച്ച ലോവർ പ്രൈമറി സ്കൂളിന് നാളിതുവരെ അംഗീകാരം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | സംസ്ഥാന സിലബസിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് 22.05.2019-ലെ ജി.ഒ(എം.എസ്) നം.45/2019/പൊ.വി.വ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവനുസരിച്ച് അതാത് ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ മുഖേന അപേക്ഷ സമർപ്പിക്കുന്ന സ്കൂളുകൾക്കാണ് അംഗീകാരം നൽകി വരുന്നത്. പടനിലം എലയാസ് നഗർ കേന്ദ്രമാക്കി പുനലൂർ ലത്തീൻ കത്തോലിക്ക രൂപത നടത്തുന്ന ലോവർ പ്രൈമറി സ്കൂളിന്റെ അപേക്ഷ സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (ബി) | ദേശീയ വിദ്യാഭ്യാസ നയം നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും പാലിച്ച് പാവപ്പെട്ട വിദ്യാർത്ഥികൾക്ക് കുറഞ്ഞ ചെലവിൽ വിദ്യാഭ്യാസം നൽകുന്ന പ്രസ്തുത സ്കൂളിന് പ്രാഥമിക വിദ്യാഭ്യാസം സാർവത്രികമാക്കിയ സാഹചര്യത്തിൽ അടിയന്തരമായി അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് അംഗീകാരം നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്. |
| (സി) | മറ്റ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടും എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിയ പ്രസ്തുത സ്കൂളിന് അംഗീകാരം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ? | (സി) | സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കുന്ന സ്കൂളുകൾക്കാണ് അംഗീകാരം നൽകിവരുന്നത്. എന്നാൽ ടി സ്കൂൾ അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ